# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2094

07.07.2015 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
മറുപടി പറയേണ്ടത്

## ശമ്പള പരിഷ്കരണ കമ്മീഷൻ

**ചോദ്യം**

**ഉത്തരം**

ശ്രീ. കെ. രാധാകൃഷ്ണൻ

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ കമ്മീഷന്റെ കാലാവധി എത്ര തവണ നീട്ടി നൽകിയെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ; | : | പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ 30.11.2013 തീയതിയിലെ സ.ഉ.(കൈ) നമ്പർ 583/2013/ധന ഉത്തരവ് പ്രകാരം നിലവിൽ വന്നു. 12.06.2014 തീയതിയിലെ സ.ഉ.(കൈ) നമ്പർ 218/2014/ധന ഉത്തവിലൂടെ കമ്മീഷന്റെ പ്രവർത്തനം 04.12.2014 വരെയും 29.11.2014 തീയതിയിലെ സ.ഉ.(കൈ) നമ്പർ 521/2014/ധന പ്രകാരം 30.06.2015 വരെയും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | കമ്മീഷൻ എപ്പോൾ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുമെന്ന് പറഞ്ഞിട്ടുണ്ടോ; | : | പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം അതിന്റെ അന്തിമ ഘട്ടത്തിലാണ്. റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ത്വരിതഗതിയിൽ പ്രവർത്തനം നടന്നുവരുന്നു. |
| (സി) | ശമ്പള പരിഷ്കരണ നടപടികൾ പൂർത്തിയാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കി എന്ന് സർക്കാർ ഉത്തരവിറക്കുമെന്നും പറയാമോ? | : | കാലതാമസം ഒഴിവാക്കി ശമ്പളകമ്മീഷൻ റിപ്പോർട്ട് ഉടൻതന്നെ സർക്കാരിന് സമർപ്പിക്കുന്നതാണ്. അതിനു ശേഷം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ